# ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽസ്

**കരീലക്കുളങ്ങര, കായംകുളം, ആലപ്പുഴ**

## <u>സിവിൽ മരാമത്ത് ജോലികൾക്കായുള്ള ടെണ്ടർ</u>

**ടെന്റർ നോട്ടീസ് : ACSM/GM/352/2022-23, dtd.18-04-2022**

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭൂമി നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറുന്നതിന്റെ ഭാഗമായി മില്ലിന്റെ കോമ്പൗ ് വാൾ അടക്കമുള്ള നിർമ്മാണ പ്രവർത്തികൾ പൊളിച്ച് മാറ്റുന്നതിനായുള്ള ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നു. ഈ പ്രവർത്തികളുടെ വിശദവിവര ങ്ങൾ താഴെ പ്രതിപാദിക്കുന്നു. ഈ ജോലികൾ ചെയ്യുന്നതിനായിട്ടാണ് ടെന്റർ ക്ഷണിക്കുന്നത്. **ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി 2022 April 30, 1pm ആണ്. അന്നേ ദിവസം 2.00 PM – ന് ടെന്റർ തുറക്കു ന്നതും തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്.**

**<u>പ്രവർത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഒരു അളവ് യൂണിറ്റിനുള്ള ആകെ തുക രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിക്കേ താണ്.</u>**

| ക്രമ നം. | ജോലിയുടെ വിശദാംശങ്ങൾ | ഏക ദേശ അളവ് | അളവ് യൂണിറ്റ് | ഒരു അളവ് യൂണിറ്റിനുള്ള ആകെ തുക |
|---|---|---|---|---|
| 1. | ആലപ്പുഴ കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ മുൻവശത്ത് സ്ഥിതി ചെയ്യുന്ന റബിൾ, ഇരുമ്പ് ഗ്രില്ലുകൾ എന്നിവ കൊ ് നിർമ്മിച്ച ചുറ്റുമതിലും അനുബന്ധ നിർമ്മാണങ്ങളും ജെ.സി.ബി ഉപയോഗിച്ച് പൊളിച്ച് മാറ്റുകയും അതിൽ നിന്നും ലഭിക്കുന്ന പാറ, മതിലിൽ ഉറ പ്പിച്ചിരിക്കുന്ന ലൈറ്റുകൾ, ഇരുമ്പ് ഗ്രില്ലുകൾ, ഇരുമ്പ് ഗേറ്റ് എന്നിവ വേർതിരിച്ച് സുരക്ഷി തമായി മിൽ അധികാരികൾ നിർദ്ദേശിക്കുന്ന സ്ഥലത്ത് അടുക്കി വെയ്ക്കുകയും ചെയ്യുന്ന ജോലികൾക്കായുള്ള ലേബർ ചാർജ്ജ്. **പണി പൂർത്തീകരിക്കേ സമയം - എഗ്രിമെന്റ് വെച്ച ശേഷം ര ാഴ്ച.** | 200 | മീറ്റർ | |

| | | | | |
|---|---|---|---|---|
| 2. | സ്ഥാപിച്ചിട്ടുള്ള യാഡ് ലൈറ്റുകൾ കേടുപാടുകൾ കൂടാതെ സുരക്ഷിതമായി ഇളക്കി മാറ്റുന്നതിനും അത് മിൽ അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ശേഖരിക്കുന്നതിനുമായുള്ള ലേബർ ചാർജ്ജ് | 3 | എണ്ണം | |
| 3. | മണ്ണിൽ മൂടിയിരിക്കുന്ന കേബിളുകൾ തകരാറുകൾ കൂടാതെ വീടെ ടുത്ത് വൃത്തിയായി റോൾ ചെയ്ത് മിൽ അധികൃതർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാറ്റുന്നതിനുമായുള്ള ലേബർ ചാർജ്ജ്. | 100 | മീറ്റർ | |
| 4. | നിലവിലെ സെക്യൂരിറ്റി ക്യാബിൻ പൊളിച്ച് നീക്കി, റൂഫ് ഷീറ്റ്, ഇരുമ്പ്, ഇഷ്ടിക, പാറ എന്നിവ വേർതിരിച്ച് മിൽ അധികൃതർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള ലേബർ ചാർജ്ജ്. | 15 | സ്വ.ഫീറ്റ് | |
| 5. | നിലവിലെ ബൈക്ക് ഷെഡ് പൊളിച്ച് നീക്കി റൂഫ് ഷീറ്റ്, ഇരുമ്പ് എന്നിവ വേർതിരിച്ച് മിൽ അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള ലേബർ ചാർജ്ജ്. | 150 | സ്വ.ഫീറ്റ് | |
| 6. | മില്ലിന്റെ മുൻവശത്തുള്ള നെയിം ബോർഡ് ഇളക്കി മാറ്റുന്നതിനുള്ള ലേബർ ചാർജ്ജ്. | 1 | എണ്ണം | |

## മറ്റ് നിബന്ധനകൾ

1) മേൽ ജോലികൾ പൂർണ്ണമായി കരാർ എടുത്ത് ചെയ്യുവാൻ ടെണ്ടർ സമർപ്പിക്കുന്നവർക്കാണ് പ്രഥമ പരിഗണന.

2) പ്രവർത്തികൾക്കാവശ്യമായ വെള്ളം, വൈദ്യുതി എന്നിവ മിൽ നൽകുന്നതാണ്. എന്നാൽ ജോലിക്കാർക്ക് താമസ സൗകര്യം നൽകുന്നതല്ല. ഭക്ഷണം മിൽ നിശ്ചയിച്ച റേറ്റിൽ ആവശ്യമെങ്കിൽ നൽകുന്നതാണ്.

3) ടൂൾസുകൾ, സ്കാഫോൾഡിംഗ് എന്നിവ കോൺട്രാക്ടർ കരുതേ താണ്. ഇവ മില്ലിനുള്ളിൽ എത്തിക്കുമ്പോഴും, പുറത്ത് കൊണ്ട് പോകുമ്പോഴും സെക്യൂരിറ്റി, മിൽ അധികാരികൾ എന്നിവരുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

4) നിരതദ്രവ്യമായി 10000/- രൂപയും ടെണ്ടർ ഫോമിന്റെ വിലയായി 500/- രൂപയും ടെണ്ടറിനോടൊപ്പം ക്യാഷായോ, ജനറൽ മാനേജർ, ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ എന്ന പേരിലുള്ള ഡി.ഡി ആയോ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യവും, ടെണ്ടർഫോം വിലയും ഇല്ലാത്ത ടെണ്ടറുകൾ മുന്നറിയിപ്പില്ലാതെ നിരസിക്കുന്നതാണ്.

5) ടെണ്ടർഫോമിൽ തുക രേഖപ്പെടുത്തി നിരതദ്രവ്യം, ടെണ്ടർ ഫോം വിലയുടെ രസീതി എന്നിവ ഉൾപ്പെടുത്തി കവറിലാക്കി **2022 ഏപ്രിൽ മാസം 30ന് ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി മിൽ ഓഫീസിൽ** പോസ്റ്റൽ മുഖേനയോ, നേരിട്ടോ ലഭിക്കേണ്ടതാണ്. പ്രസ്തുത സമയത്തിന് ശേഷം ലഭിക്കുന്ന ടെണ്ടറുകൾ ഒരുകാരണവശാലും സ്വീകരിക്കുന്നതല്ല.

**6) 2022 ഏപ്രിൽ മാസം 30ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ടെണ്ടർ സമർപ്പിച്ച അർഹരായവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതാണ്.**

7) ടെണ്ടർ ഉറപ്പിച്ച് നൽകുന്നവരുടെ നിരതദ്രവ്യം മില്ലിൽ സൂക്ഷിക്കുന്നതും ജോലികൾ കൃത്യമായി പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തി മൂന്ന് മാസത്തിന് ശേഷം തിരികെ നൽകുന്നതുമാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ടെണ്ടർ തുറന്ന് ഒരാഴ്ചയ്ക്കുള്ളിൽ തിരികെ നൽകുന്നതാണ്.

8) ടെണ്ടർഫോം തുക ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

9) നിയമപ്രകാരമുള്ള എല്ലാ നികുതികളും ബാധകമായിരിക്കുന്നതാണ്.

10) കോൺട്രാക്ടർ നിയമിക്കുന്ന ജീവനക്കാർക്ക് മില്ലുമായി യാതൊരുവിധ ബന്ധവും ഉണ്ടായിരിക്കുന്നതല്ല. പ്രസ്തുത ജീവനക്കാർക്ക് സംഭവിക്കുവാൻ സാധ്യതയുള്ള എല്ലാ അപകടങ്ങൾക്കും കോൺട്രാക്ടർ സുരക്ഷാ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതും ഏതെങ്കിലും സാഹചര്യത്തിൽ കോൺട്രാക്ടറുടെ ജീവനക്കാർക്ക് എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തവും ചികിത്സാ ചിലവുകളും കോൺട്രാക്ടർ നിർവ്വഹിക്കേണ്ടതുമാണ്.

11) ഓരോ ജോലിയും പൂർത്തിയാക്കുന്നതിനനുസരിച്ചായിരിക്കും ജോലിക്കൂലി നൽകുക. എന്നാൽ ജോലിയുടെ പുരോഗതിയനുസരിച്ച് അധികാരികൾ വിലയിരുത്തി അഡ്വാൻസ് തുക നൽകുന്നതാണ്.

12) കരാർ ഉറപ്പിച്ച് ഓർഡർ നൽകിയാൽ ഏഴ് ദിവസത്തിനകം ജോലികൾ ആരംഭിക്കേണ്ടതും ഓർഡർ ലഭിച്ച് ഒരു മാസത്തിനുള്ളിൽ ഈ ജോലികൾ പൂർത്തീകരിക്കേണ്ടതാണ്. ഏഴ് ദിവസത്തിനകം ജോലി ആരംഭിക്കാത്ത കോൺട്രാക്ടറുടെ ഓർഡർ മുന്നറിയിപ്പില്ലാതെ റദ്ദ് ചെയ്യുന്നതും ടിയാന്റെ നിരതദ്രവ്യം തിരികെ നൽകുന്നതുമല്ല. ഈ സാഹചര്യത്തിൽ ഏറ്റവും കുറവ് തുക സമർപ്പിച്ച രണ്ടാമത്തെ കോൺട്രാക്ടറെ ജോലിക്കായി ഒന്നാമത്തെ കോൺട്രാക്ടർ നൽകിയ തുക അനുസരിച്ച് പരിഗണിക്കുവാൻ മാനേജ്മെന്റിന് താൽപര്യം ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

13) ഈ ടെണ്ടറിൽ പ്രതിപാദിച്ചിട്ടുള്ള ജോലികൾ ഒന്നിച്ചോ, ഒറ്റക്കായോ, ഘട്ടം ഘട്ടമായോ പൂർത്തീകരിക്കുവാൻ മാനേജ്മെന്റിന് അവകാശമുണ്ടായിരിക്കുന്നതാണ്. ഇതനുസരിച്ച് കോൺട്രാക്ടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

14) ഈ ജോലി ചെയ്യുന്നതിന്റെ ഭാഗമായി റബിൾ, റൂഫ്, ഗ്രിൽ, ഗേറ്റ്, ലൈറ്റുകൾ, കേബിളുകൾ, നെയിംബോർഡ് എന്നിവ പുനഃരുപയോഗത്തിനായതിനാൽ ഇവയ്ക്ക് കേടുപാടുകൾ ഉ ാകാതെ ജോലി പൂർത്തീകരിക്കേ താണ്.

15) ഈ ടെണ്ടറും അനുബന്ധ നടപടികളും സംബന്ധിച്ച് അന്തിമ തീരുമാനം മിൽ മാനേജ്മെന്റിന് ആയിരിക്കുന്നതാണ്. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയത് ഹരിപ്പാട് കോടതികളുടെ പരിധിയിൽ ആയിരിക്കുന്നതാണ്.

**ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന് വേ 1,**

**(ഒപ്പ്)**

**ജനറൽ മാനേജർ**

# ടെണ്ടർ സമർപ്പിക്കുന്നവർക്കായുള്ള സത്യവാങ്മൂലം

**ജനറൽ മാനേജർ**

**ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ**

**കരീലക്കുളങ്ങര, കായംകുളം**

മേൽ സൂചിപ്പിച്ച ജോലികൾ മേൽ സൂചിപ്പിച്ച നിരക്കിലും നിബന്ധനകളിലും പൂർത്തീകരിക്കുവാൻ ഞാൻ തയ്യാറാണ്. മേൽ നിബന്ധനകളെല്ലാം ഞാൻ നിരുപാധികം അംഗീകരിക്കുന്നു.

**എന്ന്,**

**വിശ്വസ്തതയോടെ,**

ടെന്റർ സമർപ്പിക്കുന്ന ആളുടെ പേര് : ..............................................................................

മേൽവിലാസം : ..............................................................................

..............................................................................

..............................................................................

..............................................................................

ഫോൺ നമ്പർ : ..............................................................................

ഒപ്പ് :

തീയതി :